LIBRARY ARCHIVES Kerala Legislative Assembly

ജനസമ്പർക്ക പരിപാടിയുടെ നടപടിക്രമങ്ങളുടെ പ്രായോഗികത

15 (18) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങളുടെ പ്രായോഗികത സാദ്ധ്യമാകാത്ത സാഹചര്യങ്ങളിൽ നിലവിലുള്ള ചട്ടങ്ങളിലും നിയമങ്ങളിലും മാറ്റം അനിവാര്യമാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; അവയിൽ തികച്ചും പ്രാധാന്യമേറിയവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ അത്തരത്തിൽ നിയമങ്ങളിലും ചട്ടങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ടോ ; ആയവയുടെ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ പരിശോധിച്ചതിൽ നിലവിലുള്ള ചില നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കണമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അവ പരിഷ്കരിച്ചും ഭേദഗതി വരുത്തിയും 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ ക്രോഡീകരിച്ച് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന " ജനപക്ഷ ചുവടുകൾ" എന്ന പേരിൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സർവ്വീസിൽനിന്നും റിട്ടയർ ചെയ്ത ജീവനക്കാർ

16 (19) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര സർക്കാർ ജീവനക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുകയുണ്ടായെന്നും എത്ര പേർ സർവ്വീസിലിരിക്കേ മരണപ്പെട്ടുവെന്നും അറിയിക്കുമോ ;

(ബി) റിട്ടയർ ചെയ്തവരുടെ ആനുകൂല്യങ്ങൾ എത്രത്തോളം നൽകുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ (സൈനികക്ഷേമം/സർവ്വീസസ്-സി/ഇ) വകുപ്പുകളിൽ മൊത്തം 166 പേർ റിട്ടയർ ചെയ്തു. മൂന്ന് വകുപ്പുകളിലായി 17 പേർ സർവ്വീസിലിരിക്കേ മരണപ്പെട്ടു. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.